# എറണാകുളം ജില്ലാ കളക്ടറുടെ നടപടിക്രമം

(ഹാജർ : എസ്. സുഹാസ്, ഐഎഎസ്)

**സി2-78283/16** തീയതി: 04/10/2019

വിഷയം: എരൂർ റെയിൽവേ മേൽപ്പാലം - അഡീഷണൽ അക്വിസിഷൻ - RFCT LARR Act 2013 വകുപ്പ് II(i) പ്രകാരമുള്ള ഫോറം 7 വിജ്ഞാപനം അംഗീകരിച്ച് ഉത്തരവാകുന്നത് - സംബന്ധിച്ച്.

പരാമർശം:
1. റോഡ്സ് & ബ്രിഡ്ജസ് കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ 24.09.2016 തീയതിയലെ LA-1964/12/1423 നമ്പർ അർത്ഥനയും അനുബന്ധരേഖകളും
2. 08.11.2012 ലെ സ.ഉ.(സാധാ) നം.1884/12/PWD നമ്പർ ഭരണാനുമതി.
3. സ.ഉ.(സാധാ) നം.649/2015/റവ തീയതി 04.12.2015
4. സ.ഉ.(അച്ചടി) നം.376/2016/RD തീയതി 29.06.2016.
5. ഈ കാര്യാലയത്തിലെ 22.10.2018 തീയതിയിലെ ഇതേ നം ഫോറം 4 വിജ്ഞാപനം
6. രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസ് 28.02.2019 തീയതി സമർപ്പിച്ച സാമൂഹ്യപ്രത്യാഘാത വിലയിരുത്തൽ പഠനത്തിന്റെ അന്തിമ റിപ്പോർട്ട്
7. വിദഗ്ധ സമിതി ചെയർമാൻ & സ്പെഷ്യൽ തഹസിൽദാർ (എൽ,എ) ജനറൽ, എറണാകുളം സമർപ്പിച്ച റിപ്പോർട്ട്.
8. ഈ കാര്യാലയത്തിലെ 06.10.16, 01.07.2019, 04.05.2019 തീയതികളിലെ ഇതേ നമ്പർ നടപടിക്രമം

............

എരൂർ റെയിൽവേ മേൽപ്പാലം അഡീഷണൽ അക്വിസിഷനുമായി ബന്ധപ്പെട്ട് എറണാകുളം ജില്ലയിലെ കണയന്നൂർ താലൂക്ക് നടമ വില്ലേജിലെ 55/24, 77/3 എന്നീ സർവ്വെ നമ്പറുകളിൽ നിന്നായി 0.0160 ഹെക്ടർ സ്ഥലം "ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013" (RFCT LARR Act 2013) പ്രകാരം സ്ഥലം ഏറ്റെടുക്കുന്നതിനായി 24.09.2016 ൽ റോഡ് & ബ്രിഡ്ജസ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ അർത്ഥനയും അനുബന്ധരേഖകളും സമർപ്പിച്ചിട്ടുള്ളതാണ്. ടി സ്ഥലം ഏറ്റെടുപ്പ് നടപടികൾക്കായി പരാമർശം (3) പ്രകാരം സംസ്ഥാന സർക്കാർ ലാൻഡ് അക്വിസിഷൻ ഓഫീസറായി എറണാകുളം എൽ എ ജനറൽ സ്പെഷ്യൽ തഹസിൽദാറെ നിയമിച്ചിട്ടുള്ളതുമാണ്.

RFCT LARR Act 2013 ലെ വകുപ്പ് (4) പ്രകാരമുള്ള സാമൂഹ്യപ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തുന്നതിനായി രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസ്, കളമശ്ശേരി എന്ന SIA യൂണിറ്റിനെ പരാമർശം (5) പ്രകാരമുള്ള ഫോറം നമ്പർ 4 വിജ്ഞാപനപ്രകാരം നിയോഗിച്ചിട്ടുള്ളതും, ടി വിജ്ഞാപനം 09.11.2018 ലെ 2779 നമ്പർ കേരള സർക്കാർ അസാധാരണ ഗസറ്റിലും, ജില്ലാകളക്ടറേറ്റ്, ബന്ധപ്പെട്ട റവന്യൂ ഡിവിഷണൽ ഓഫീസ്, താലൂക്ക് ഓഫീസ്, ബാധിക്കപ്പെട്ട പ്രദേശം എന്നിവിടങ്ങളിലും ജില്ലാകളക്ടറുടെ ഔദ്യോഗിക വെബ്സൈറ്റിലും പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതുമാണ്.

സാമൂഹ്യപ്രത്യാഘാത വിലയിരുത്തൽ പഠനം പൂർത്തിയാക്കി പരാമർശം (6) പ്രകാരമുള്ള പഠന റിപ്പോർട്ട് SIA സമുചിത സർക്കാരിന് സമർപ്പിച്ചിട്ടുള്ളതാണ്. ടി പഠന റിപ്പോർട്ട് അവലോകനം ചെയ്യുന്നതിനായി എറണാകുളം എൽ എ ജനറൽ സ്പെഷ്യൽ തഹസിൽദാർ ചെയർമാനായ ഒരു വിദഗ്ധ സമിതിയെ രൂപീകരിച്ച് 04.05.2019 ൽ ഈ കാര്യാലയം ഉത്തരവായിട്ടുള്ളതുമാണ്. ടി പഠന റിപ്പോർട്ടിലെ കണ്ടെത്തലുകളും, ശുപാർശകളും വിദഗ്ധ സമിതി സമുചിത സർക്കാരിനോട് ശുപാർശചെയ്ത് പരാമർശം (7) പ്രകാരമുള്ള റിപ്പോർട്ട് സമർപ്പിക്കുകയും ടി വിദഗ്ധ സമിതി റിപ്പോർട്ട് അംഗീകരിച്ച് 01.07.2019 തീയതിയിൽ സമുചിത സർക്കാർ ഉത്തരവായിട്ടുള്ളതുമാണ്. RFCT LARR Act 2013 വകുപ്പ് 8(3) പ്രകാരവും, KRFCT LARR Rules 2015 ചട്ടം 16 പ്രകാരവും വിദഗ്ധ സമിതി അവലോകന റിപ്പോർട്ട് ബന്ധപ്പെട്ട സ്ഥലങ്ങളിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതുമാണ്.

പ്രസ്തുത പഠന റിപ്പോർട്ട് പ്രകാരം ടി പദ്ധതി നിലവിൽ വരുന്നത് ഇപ്പോഴുള്ള ഗതാഗതകുരുക്കിന് പരിഹാരം കാണുന്നതിനും, എരൂർ റെയിൽവെ മേൽപ്പാലംകൊണ്ട് ഉദ്ദേശിക്കുന്ന പ്രയോജനം ജനങ്ങൾക്ക് ലഭ്യമാക്കുന്നതിനും വേണ്ടിയാണെന്ന് സാമൂഹ്യപ്രത്യാഘാത പഠന റിപ്പോർട്ട് നിർദ്ദേശിക്കുന്നു. ടി പൊന്നുംവില നടപടിയ്ക്കായി ഇതിനേക്കാൾ ചെലവുകുറഞ്ഞതും, അനുയോജ്യവുമായതുമായ മറ്റൊരു മാർഗ്ഗം കണ്ടെത്തുവാൻ കഴിഞ്ഞിട്ടില്ലാത്തതിനാലും, ടി പദ്ധതിമൂലം പ്രദേശവാസികൾക്ക് ലഭ്യമാകുന്ന പ്രയോജനം വിലയിരുത്തുമ്പോൾ ടി പദ്ധതി മൂലം ഉണ്ടാകാവുന്ന പ്രത്യാഘാതങ്ങൾ കുറവാണെന്നും SIA റിപ്പോർട്ട് വിലയിരുത്തുന്നു. നിർദ്ദിഷ്ട ഭൂമി പുരയിടം എന്ന ഇനത്തിൽ ഉൾപ്പെട്ടുവരുന്നതും, ആഘാതബാധിതരുടെ ഭൂമി, കച്ചവടസ്ഥാപനം (കടമുറി), അമ്പലത്തിന്റെ ചുറ്റുമതിൽ, ഗേറ്റ് എന്നിവ നഷ്ടപ്പെടുന്നതിനാൽ 29.12.2017 തീയതിയിലെ സ.ഉ (കൈ) 448/2017/ആർഡി ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച ഭൂമി ഏറ്റെടുക്കുന്നതിനുള്ള പുനരധിവാസ പുനഃസ്ഥാപന പാക്കേജ് നൽകുന്നതിന് വിദഗ്ധസമിതി ശുപാർശ ചെയ്തിട്ടുള്ളതാണ്.

ഈ പൊന്നുംവില നടപടിയുടെ പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അഡ്മിനിസ്ട്രേറ്റർ ആയി എറണാകുളം കളക്ടറേറ്റിലെ പൊന്നുംവില ഡെപ്യൂട്ടി കളക്ടറെ കേരള സർക്കാർ നിയമിച്ചിരിക്കുന്നതിനാലും, ഇതോടൊപ്പമുള്ള പട്ടികയിൽ വിവരിച്ചിരിക്കുന്ന ഭൂമി ഒരു പൊതു ആവശ്യത്തിന് അതായത് എരൂർ റെയിൽവെ മേൽപ്പാലം അഡീഷണൽ അക്വിസിഷന് ആവശ്യമുണ്ടെന്നോ, ആവശ്യമുണ്ടായേക്കാമെന്നോ കേരള സർക്കാരിന് ബോദ്ധ്യപ്പെട്ടിരിക്കുന്നതിനാലും, ഇപ്പോൾ തന്മൂലം, അതുമായി ബന്ധപ്പെട്ട എല്ലാപേർക്കും 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ആക്ട് വകുപ്പ് 11 ഉപവകുപ്പ് 1 വ്യവസ്ഥകൾക്കനുസൃതമായി ഇക്കാര്യത്തിലുള്ള അറിയിപ്പ് നൽകുവാൻ ഇതിനാൽ ഉത്തരവാകുന്നു.

| ക്രമ നം | സർവ്വെ/ സബ് ഡിവിഷൻ | വിവരണം | വിസ്തീർണ്ണം ഹെക്ടറിൽ (ഏകദേശ വിസ്തീർണ്ണം) | പൊതു ആവശ്യത്തിന്റെ സ്വഭാവം | ബാധിക്കപ്പെട്ട കുടുംബങ്ങളെ മാറ്റി പാർപ്പിക്കുന്നതിനുള്ള കാരണം | ഉടമസ്ഥർ |
|---|---|---|---|---|---|---|
| 1 | 55/24 | പുരയിടം | .0120 | എരൂർ റെയിൽവെ മേൽപ്പാലം അഡീഷണൽ അക്വിസിഷൻ ഗതാഗതകുരുക്ക് കുറയ്ക്കുന്നതിന് സമാന്തരറോഡ് വികസനത്തിന് ആവശ്യമാണ് | പൊന്നുംവില നടപടിയിൽ ഉൾപ്പെട്ട ഭൂമിയിൽ മാറ്റിപാർപ്പിക്കേണ്ടതില്ലാത്തതാണ് | ശ്രീ ഹരി നമ്പൂതിരി എളമ്പ്രകോടത്ത് മന |
| 2 | 77/3 | | .0040 | | | ശ്രീ. രാമചന്ദ്രൻ ടി വി ഐക്കരപറമ്പിൽ |

എറണാകുളം എൽ എ ജനറൽ സ്പെഷ്യൽ തഹസിൽദാർ സ്ഥലമെടുപ്പ് നടപടികൾ RFCT LARR Act 2013 ലെ വ്യവസ്ഥകൾ പ്രകാരം സമയബന്ധിതമായി പൂർത്തീകരിക്കേണ്ടതും, താഴെപ്പറയുന്നവ നടപ്പിലാക്കിയെന്ന് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

1. വകുപ്പ് 11ൽ നിഷ്കർഷിച്ചിട്ടുള്ളതുപോലെ 11(1) വിജ്ഞാപനം നിർദ്ദിഷ്ട സ്ഥലങ്ങളിൽ പ്രസിദ്ധീകരിക്കേണ്ടതും, ഇതോടൊപ്പമുള്ള പ്രൊഫോർമയിൽ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതുമാണ്.
2. വകുപ്പ് 12 പ്രകാരം പ്രാരംഭ സർവ്വെ നടത്തി പൊന്നുംവില സബ്ഡിവിഷൻ നടപടികൾ വകുപ്പ് 19 പ്രകാരമുള്ള വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് മുൻപ് രണ്ടുമാസ കാലാവധിക്കുള്ളിൽ പൂർത്തീകരിക്കേണ്ടതാണ്.
3. KRFCT LARR Rules 2015 ചട്ടം 18 പ്രകാരമുള്ള വ്യവസ്ഥകൾ പാലിക്കേണ്ടതാണ്.
4. വിദഗ്ധസമിതി ശുപാർശചെയ്തിട്ടുള്ള പ്രകാരം 29.12.2017 തീയതിയിലെസ.ഉ.(കൈ) 448/2017/ആർഡി നമ്പർ സർക്കാർ ഉത്തരവ് പ്രകാരമുള്ള ഭൂമി ഏറ്റെടുക്കുന്നതിനുള്ള പുനരധിവാസ പുനഃസ്ഥാപന പാക്കേജിന്റെ കരട് തയ്യാറാക്കി ഉടൻ സമർപ്പിക്കേണ്ടതാണ്.
5. ടി പൊന്നുംവില നടപടികളുടെ ഭാഗമായി ഡ്രാഫ്റ്റ് ഡിക്ലറേഷൻ, ബിവിആർ, ഡിവിഎസ്, ഡ്രാഫ്റ്റ് അവാർഡ് എന്നിവ ടി പൊന്നുംവില നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം സമയബന്ധിതമായി തയ്യാറാക്കി അംഗീകാരത്തിനായി സമർപ്പിക്കേണ്ടതാണ്.

ജില്ലാ കളക്ടർ

T9